LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ ജോലികളുടെ നടത്തിപ്പ്

56 (3615) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യു.ഡി. മുഖാന്തിരം നടത്തുന്ന കെട്ടിട നിർമ്മാണ ജോലികൾ ഏറ്റെടുക്കാൻ തിരുവനന്തപുരം ജില്ലയിൽ കരാറുകാരെ കിട്ടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എം.പി. ഫണ്ടിനും കേരള വികസന പദ്ധതിക്കും ഇത്തരം ജോലികൾ കോസ്റ്റ് ഫോർഡ്, നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ ഏൽപ്പിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളതുപോലെ എം.എൽ.എ. ഫണ്ടിന്റെ പണികളും ഈ ഏജൻസികളെ ഏല്പിക്കാൻ സർക്കാർ അനുമതി നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുള്ള പണികൾ തൃപ്തികരമായി തന്നെ നടന്നുവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ വേണ്ടത്ര സാങ്കേതിക വൈദഗ്ദ്ധ്യവും പരിചയ സമ്പത്തുമുള്ള എഞ്ചിനീയർമാർ ഉള്ള സാഹചര്യത്തിൽ ഇത്തരം പണികൾ മറ്റു ഏജൻസികളെ ഏൽപ്പിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

പാലങ്ങളെ അപടകസ്ഥിതിയിലാക്കുന്ന തരത്തിലുള്ള മണൽവാരൽ നിയന്ത്രിക്കുന്നതിന് സ്ഥിരം സംവിധാനം

57 (3616) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളിലെ പല പ്രധാനപ്പെട്ട പാലങ്ങളും അപകട സ്ഥിതിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) കോട്ടയം-എറണാകുളം പാതയിലെ മുറിഞ്ഞപുഴ, ഇത്തിക്കര പാലങ്ങൾ അപകടസ്ഥിതിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഇ) പാലങ്ങളെ അപകടസ്ഥിതിയിലാക്കുന്ന തരത്തിലുള്ള മണൽ വാരൽ നിയന്ത്രിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?